**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1132** **06-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കി മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായ ആനുകൂല്യങ്ങൾ നൽകി വരുന്നു. നടപ്പ സാമ്പത്തിക വർഷം പ്ലാൻ-നോൺപ്ലാൻ ഇനങ്ങളിലായി ആകെ 32.21കോടി രൂപ വിദ്യാഭ്യാസ ആനുകൂല്യമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>പ്രീമെടിക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി വഴിയും അനുവദിച്ചു വരുന്നു.<br><br>കൂടാതെ വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്ത് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് കോച്ചിംഗ്, എൻ.ഐ.ടി/ഐ.ഐ.ടി എൻട്രൻസ് പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ വിവിധ |

| | | | |
|---|---|---|---|
| | | | ബോധവൽകരണ പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. ടി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ താമസം, ഭക്ഷണം, യൂണിഫോം, സ്റ്റഡി ടൂർ, സ്പെഷ്യൽ കോച്ചിങ് തുടങ്ങിയ സൗകര്യങ്ങളും നൽകുന്നു.<br><br>കൂടാതെ പോലീസ് വകുപ്പുമായി ചേർന്ന് കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളുടെ കണക്കെടുപ്പ് നടന്നു വരുന്നു. സ്കൂളുകളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകി മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിനും സ്പോർട്സ് ഫൗണ്ടേഷൻ കേരളയുമായി ചേർന്ന് ഒരു പദ്ധതി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത കുട്ടികളുടെ വിദ്യാഭ്യാസ പരിപോഷണത്തിനായി പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി തീരദേശ മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ ടി സ്കൂളുകളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകി മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിനും സ്പോർട്സ് ഫൗണ്ടേഷൻ കേരളയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ